പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നംപർ. 428 27/9/2011 ൽ മറുപടിയ്ക്ക്

## ആശ്വാസകിരണം പദ്ധതി

ചോദ്യം | ഉത്തരം

ശ്രീ. പി. ഉബൈദുള്ള : ഡോ. എം.കെ. മുനീർ
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി

| | |
|---|---|
| (എ) 'ആശ്വാസകിരണം പദ്ധതി' വിശദീകരിക്കാമോ; | (എ) തീവ്രമായ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നതുമൂലം ശയ്യാവലംബരായവരുടെ പരിചാരകർക്കും സെറിബ്രൽ പാൾസി, കടുത്ത ബുദ്ധിമാന്ദ്യം തുടങ്ങിയവയാൽ അവശത അനുഭവി ക്കുന്നവരെ പരിചരിക്കുന്നവർക്കും ധനസഹായം നൽകുന്ന പദ്ധതിയാണ് ആശ്വാസകിരണം |
| (ബി) ഈ പദ്ധതി മുഖേന കെയർടേക്കർമാർക്ക് ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ; | (ബി) രോഗി ശയ്യാവലംബനാണെന്ന് തെളിയിക്കുന്ന സർക്കാർ ഡോക്ടർ സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ പകർപ്പ്, അപേക്ഷകന്റെ പേരിലുള്ള വരുമാന സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ സമർപ്പിക്കണം. അപേക്ഷകൾ ബന്ധപ്പെട്ട അംഗൻവാടി വർക്കർ മുഖാന്തിരം ശിശുവികസന പദ്ധതി ഓഫീസിൽ എത്തിക്കുകയും ബന്ധപ്പെട്ട സൂപ്പർവൈസർ /സി.ഡി.പി.ഒ പരിശോധിച്ച് അർഹരായ അപേക്ഷകരെ ധനസഹായ ത്തിനായി ശുപാർശ ചെയ്യുന്നു. ഇത്തരം അപേക്ഷകരുടെ അർഹത ഒന്നുകൂടി പരിശോധന നടത്തി സാമൂഹ്യ |

| | |
|---|---|
| | സുരക്ഷാമിഷനിൽ നിന്നും പ്രതിമാസ ധനസഹായം 300/- രൂപ വീതം അനുവദിച്ചുവരുന്നു. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പേർക്ക് എത്ര തുക വീതം ഈ പദ്ധതി വഴി ധനസഹായമായി വിതരണം ചെയ്യുവെന്ന് വെളിപ്പെടുത്താമോ? | (സി) 2011 ആഗസ്റ്റ് മാസം വരെ 7411 പേർക്ക് പ്രതിമാസം 300 /- രൂപ വീതം ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. |

R. Vijayal

സെക്ഷൻ ഓഫീസർ